പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5449 31.10.2016 ൽ - മറുപടിക്ക്

# റേഷൻ സാധനങ്ങൾ കടകളിൽ എത്തിക്കുന്നതിന് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, വി.എസ്.ശിവകുമാർ<br>,, വി.പി.സജീന്ദ്രൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ സാധനങ്ങൾ കടകളിൽ എത്തിക്കുന്നതിന്റെ മേൽനോട്ടം സപ്ലൈകോയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) റേഷൻ സാധനങ്ങൾ കടകളിൽ എത്തിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്, വിവരിക്കുമോ; | (എ) (ബി) ഉണ്ട്. 03.10.2016 ലെ സ.ഉ(കൈ) നം.15/2016/ഭ.സി.സ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണ സംവിധാനവും വിതരണ ശൃംഖലാ മാനേജ്മെന്റ് സംവിധാനവും നടപ്പാക്കുന്നതിന് സർക്കാർ ഏജൻസിയായ സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൽ FCI ഗോഡൗണിൽ നിന്നും മധ്യതല സംഭരണ ശാലകളിലേക്കും അവിടെ നിന്നും റേഷൻകടകളിലേക്കുമുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കം ഉൾപ്പെടുന്നു. ഇതിന് പുറമേ FCI ഗോഡൗണിൽ നിന്നും മധ്യ തല സംഭരണ ശാലകളിലേക്കും അവിടെ നിന്നും റേഷൻ കടകളിലേക്കുമുള്ള വാഹനങ്ങളുടെ നീക്കം ജി.പി.എസ്. സംവിധാനം വഴി നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനവും ഒരുക്കുന്നുണ്ട്. |
| (സി) ഇതിന്റെ മേൽനോട്ടം സപ്ലൈകോയെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം തയ്യാറെടുപ്പുകളും ക്രമീകരണങ്ങളും ആണ് സപ്ലൈകോ ചെയ്യേണ്ടി വരുന്നതെന്ന് വിശദീകരിക്കുമോ? | (സി) FCI ഗോഡൗണിൽ നിന്നും മധ്യതല സംഭരണ ശാലകളിലേക്കും അവിടെ നിന്നും റേഷൻ കടകളിലേക്കും റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് സപ്ലൈകോ തയ്യാറാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ